©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

കേരള ഗസറ്റ്
KERALA GAZETTE

അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 8 / Vol. VIII | തിരുവനന്തപുരം, ബുധൻ / Thiruvananthapuram, Wednesday | 2019 മാർച്ച് 27 / 27th March 2019 | 1194 മീനം 13 / 13th Meenam 1194 | 1941 ചൈത്രം 6 / 6th Chaithra 1941 | നമ്പർ / No. 836

കേരള സർക്കാർ

2019-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ (നടപടിക്രമം) റെഗുലേഷനുകൾ

വിജ്ഞാപനം

നമ്പർ 106/17/എൻ. ആർ. ഐ. കമ്മീഷൻ. *തിരുവനന്തപുരം, 2019 മാർച്ച് 27.*

2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റിന്റെ (2016-ലെ 3) 7-ാം വകുപ്പ് (8)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചും 2019 മാർച്ച് 22-ാം തീയതിയിലെ സ. ഉ. (കൈ) 2/2019/നോർക്ക സർക്കാർ ഉത്തരവ് പ്രകാരമുള്ള കേരള സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെയും പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ താഴെ പറയുന്ന റെഗുലേഷനുകൾ ഉണ്ടാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനായി തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2019.

92/1111/2019/S-11.

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ റെഗുലേഷനുകൾക്ക് 2019-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ (നടപടിക്രമം) റെഗുലേഷനുകൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ റെഗുലേഷനുകളിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റ് എന്നർത്ഥമാകുന്നു;

(ബി) "ചെയർപേഴ്സൺ" എന്നാൽ ആക്റ്റിലെ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (1)-ാം ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ എന്നർത്ഥമാകുന്നു;

(സി) "കമ്മീഷൻ" എന്നാൽ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഡി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഇ) "അംഗം" എന്നാൽ കമ്മീഷനിലെ ഒരു അംഗവും അതിൽ ചെയർപേഴ്സണും സെക്രട്ടറിയും ഉൾപ്പെടുന്നതുമാകുന്നു;

(എഫ്) "റെഗുലേഷനുകൾ" എന്നാൽ കമ്മീഷൻ ഉണ്ടാക്കിയ റെഗുലേഷനുകൾ എന്നർത്ഥമാകുന്നു;

(ജി) "സെക്രട്ടറി" എന്നാൽ ആക്റ്റിലെ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (iv)-ാം ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട സെക്രട്ടറി എന്നർത്ഥമാകുന്നു.

(2) ഈ റെഗുലേഷനുകളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആക്റ്റിൽ അവയ്ക്ക് യഥാക്രമം നൽകപ്പെട്ടിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. കമ്മീഷന്റെ യോഗങ്ങളും സ്ഥലവും.—രണ്ട് മാസത്തിലൊരിക്കൽ തിരുവനന്തപുരത്ത് വെച്ച് കമ്മീഷൻ യോഗം ചേരേണ്ടതാണ്;

എന്നാൽ, കമ്മീഷന് അവധി ദിവസങ്ങളിൽ ഒഴിച്ച് ചെയർപേഴ്സന്റെ വിവേചനാധികാരം ഉപയോഗിച്ചോ അല്ലെങ്കിൽ ഏതെങ്കിലും ഒന്നോ അതിൽ കൂടുതൽ അംഗങ്ങൾ അവശ്യപ്പെടുന്നപ്രകാരമോ പ്രത്യേക സാഹചര്യമോ അല്ലെങ്കിൽ അടിയന്തിര സ്വഭാവമുള്ള കാര്യങ്ങളോ ചർച്ച ചെയ്യാനുള്ളപക്ഷം കൂടുതൽ യോഗങ്ങൾ നടത്താവുന്നതും ചെയർപേഴ്സണ് യുക്തമെന്ന് തോന്നുന്ന മറ്റ് സ്ഥലത്തും യോഗം ചേരാവുന്നതാണ്.

4. ക്യാമ്പ് സിറ്റിംഗ്.—ചെയർപേഴ്സന്റെ വിവേചനാധികാരം ഉപയോഗിച്ച് കമ്മീഷന്റെ ക്യാമ്പ് സിറ്റിംഗ് കൊച്ചിയിൽവെച്ച് നടത്താവുന്നതാണ്.

5. യോഗത്തിൽ പങ്കെടുക്കേണ്ടവർ.—കമ്മീഷന് ആവശ്യമെന്നു തോന്നുന്ന സംഗതിയിൽ സെക്രട്ടറി ഒഴികെയുള്ള കമ്മീഷനിലെ മറ്റ് ഉദ്യോഗസ്ഥൻമാർ യോഗത്തിൽ പങ്കെടുക്കണമെന്ന് ചെയർപേഴ്സണ് നിർദ്ദേശം നൽകാവുന്നതാണ്.

6. യോഗത്തിന്റെ കാര്യപരിപാടികൾ.—രണ്ട് മാസത്തിൽ ഒരിക്കൽ കമ്മീഷൻ യോഗം ചേരുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതും ചെയർപേഴ്സണുമായി ആലോചിച്ച് കമ്മീഷന്റെ ഓരോ യോഗത്തിനുമുള്ള കാര്യപരിപാടികൾ സെക്രട്ടറി തയ്യാറാക്കേണ്ടതും കാര്യപരിപാടിയിലെ ഓരോ ഇനത്തിനും സമഗ്രമായ കുറിപ്പുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതുമാണ്. കമ്മീഷന് ആവശ്യമെന്നു തോന്നുന്നപക്ഷം പ്രസ്തുത ഫയലുകൾ സെക്രട്ടറി യോഗത്തിൽ ഹാജരാക്കേണ്ടതാണ്. കാര്യപരിപാടിയും കുറിപ്പും ഉൾക്കൊള്ളുന്ന യോഗത്തിനുള്ള നോട്ടീസ് നിർദ്ദിഷ്ട യോഗത്തിന് മൂന്ന് ദിവസം മുമ്പെങ്കിലും ചെയർപേഴ്സണും അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്.

7. കമ്മീഷന് ലഭിക്കുന്ന പരാതികൾ.—(1) കമ്മീഷന് ലഭിക്കുന്ന എല്ലാ പരാതികളും രജിസ്റ്റർ ചെയ്ത്, അക്കമിട്ട് ചെയർപേഴ്സൺ മുമ്പാകെയോ അല്ലെങ്കിൽ ചെയർപേഴ്സൺ നിർദ്ദേശിക്കുന്ന രണ്ട് അംഗങ്ങൾ മുമ്പാകെയോ സമർപ്പിക്കേണ്ടതാണ്.

(2) വാക്കാലുള്ളതോ ഫോൺ മുഖാന്തിരമായതോ അവ്യക്തമായതോ ആയ പരാതികൾ ലഭിച്ചാൽ ചെയർപേഴ്സൺ നിർദ്ദേശിക്കുന്ന കമ്മീഷൻ അംഗം അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന സ്ഥലത്ത് വെച്ച് പരാതിക്കാരന്റെ സാഹചര്യവും സൗകര്യവും കണക്കിലെടുത്ത് പരാതിക്കാരന്റെ സ്റ്റേറ്റ്മെന്റ് എടുക്കേണ്ടതും അങ്ങനെ എടുത്ത സ്റ്റേറ്റ്മെന്റ് താമസം കൂടാതെ ചെയർപേഴ്സൺ മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്.

8. പരാതിയുടെ പ്രാഥമിക പരിശോധന.—കമ്മീഷന് ലഭിക്കുന്ന പരാതികളിൽ,—

(i) നിസ്സാരമോ, പ്രതികാര നടപടികൾ ഉള്ളതായി തോന്നുന്നതോ ആയവ ആണെങ്കിൽ; അല്ലെങ്കിൽ

(ii) പരാതിയിലെ സംഗതികൾ ആക്റ്റ് പ്രകാരം കമ്മീഷന്റെ പരിധിയിൽ വരുന്നവയല്ലെങ്കിൽ; അല്ലെങ്കിൽ

(iii) അവ്യക്തമായതോ, ഊഹ പരാതികളോ, കപട നാമത്തിലുള്ള ഉള്ളവയാണെങ്കിലോ;

അത്തരം പരാതികൾ തുടക്കത്തിലെതന്നെ കമ്മീഷന് തള്ളിക്കളയാവുന്നതാണ്.

9. ഫീസ്.—കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിക്കുന്നതിന് ഫീസ് ഈടാക്കുന്നതല്ല.

10. പരാതികളുടെ ഭാഷ.—പരാതികൾ സാധാരണ രീതിയിൽ മലയാളത്തിലോ ഇംഗ്ലീഷിലോ തയ്യാറാക്കിയതായിരിക്കണം. എന്നാൽ മറ്റ് ഭാഷകളിൽ പരാതി ലഭിച്ചാൽ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ചെയർപേഴ്സന്റെ നിർദ്ദേശപ്രകാരം അവ സ്വീകരിക്കാവുന്നതാണ്. അങ്ങനെ സ്വീകരിക്കുന്ന പരാതികളുടെ മലയാളം/ഇംഗ്ലീഷ് പരിഭാഷ തയ്യാറാക്കേണ്ടത് കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ ചുമതലയായിരിക്കുന്നതാണ്. അതിലേക്കായി, മെമ്പർ സെക്രട്ടറിക്ക് ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ പരിജ്ഞാനമുള്ളവരുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്.

11. ഇ-മെയിൽ/ഫാക്സ് മുഖേന ലഭിക്കുന്ന പരാതികൾ.—ഇ-മെയിൽ/ ഫാക്സ് മുഖേന ലഭിക്കുന്ന പരാതികൾ കമ്മീഷന് സ്വീകരിക്കാവുന്നതാണ്. വാക്കാലോ ഫോൺ മുഖേനയോ ലഭിക്കുന്ന പരാതികളിൽ പരാതിക്കാരനോട് എഴുതി ഒപ്പിട്ട പരാതി നൽകാനോ അല്ലെങ്കിൽ ചെയർപേഴ്സൺ ചുമതല പ്പെടുത്തുന്ന കമ്മീഷൻ അംഗത്തിന്റെ മുമ്പിൽ സ്റ്റേറ്റ്മെന്റ് കൊടുക്കാനോ പരാതിക്കാരനോട് ആവശ്യപ്പെടാവുന്നതാണ്.

12. പരാതികളിലെ തുടർനടപടികൾ.—റെഗുലേഷൻ 9 പ്രകാരം തള്ളിക്കള യാത്ത പരാതികൾ തുടർ നടപടിക്കായി വെയ്ക്കുകയോ, കൂടുതൽ വിവരങ്ങൾ തരുവാൻ പരാതിക്കാരനോട് ആവശ്യപ്പെടുകയോ, പരാതികളിൽ ആക്റ്റിന്റെ 12-ാം വകുപ്പുപ്രകാരം അന്വേഷണം നടത്തുവാൻ ആരെയെങ്കിലും ചുമതല പ്പെടുത്തുകയോ ചെയ്യാവുന്നതാണ്. എന്നാൽ ആക്റ്റിലെ 11-ാം വകുപ്പു പ്രകാരമുള്ള പരാതികളിൽ തുടർ നടപടികൾ ആവശ്യമാണോ എന്ന് നിർണ്ണയിക്കാൻ കമ്മീഷൻ ഒരു പ്രാഥമിക അന്വേഷണം നടത്തേണ്ടതാണ്.

13. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടാമെന്ന്.—ആക്റ്റിലെ 10, 11, 12 എന്നീ വകുപ്പുകൾ പ്രകാരമുള്ള ഏത് അന്വേഷണം നടത്തുമ്പോഴും കമ്മീഷനോ അല്ലെങ്കിൽ കമ്മീഷൻ ചുമതലപ്പെടുത്തുന്ന ആൾക്കോ സർക്കാർ രേഖകളോ അല്ലെങ്കിൽ മറ്റ് അധികാരികളുടെ കൈവശമുള്ള രേഖകളോ, ആവശ്യമാണ് എന്നു തോന്നുന്നപക്ഷം, ചെയർപേഴ്സനോ അല്ലെങ്കിൽ ചെയർപേഴ്സൺ ചുമതലപ്പെടുത്തിയ ആളോ ഉത്തരവിട്ടാൽ അതുപ്രകാരം ആ രേഖകൾ ചെയർപേഴ്സൺ ചുമതലപ്പെടുത്തിയ ആളിന് മുമ്പാകെ ഹാജരാക്കാൻ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതാണ്.

14. റിപ്പോർട്ട് സമർപ്പിക്കാനുള്ള സമയപരിധി.—കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഏതെങ്കിലും അന്വേഷണ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സർക്കാർ വകുപ്പുകളോ ഏജൻസികളോ അന്വേഷണം നടത്തുകയാണെങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ട് കമ്മീഷന്റെ ഉത്തരവ് തീയതി മുതൽ മൂന്ന് ആഴ്ച ക്കുള്ളിലോ അല്ലെങ്കിൽ കമ്മീഷൻ നീട്ടിക്കൊടുക്കുന്ന സമയപരിധിക്കുള്ളിലോ കമ്മീഷൻ മുമ്പാകെ സർപ്പിക്കേണ്ടതാണ്.

15. റിപ്പോർട്ടിന്മേലുള്ള തീരുമാനം.—(1) മേൽ ഖണ്ഡികയിൽ പറഞ്ഞ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ചാൽ അതിന്മേൽ തുടർ നടപടികൾ നടത്താൻ കമ്മീഷൻ തീരുമാനിച്ചാൽ ചെയർപേഴ്സണോ അല്ലെങ്കിൽ ചെയർപേഴ്സൺ നിർദ്ദേശിക്കുന്ന രണ്ട് അംഗങ്ങളോ അന്വേഷണം നടത്തേണ്ടതാണ്.

(2) പരാതിക്കാർക്ക് പരാതിയുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകൾ ഹാജരാക്കാവുന്നതും സാക്ഷികളെ വിസ്തരിക്കാൻ കമ്മീഷന് അവർക്ക് അനുവാദം നൽകാവുന്നതുമാണ്. അതുപോലെ പരാതിക്കാരനെയും പരാതിക്കാരന്റെ സാക്ഷികളെയും എതിർ വിസ്താരം നടത്താൻ എതിർകക്ഷിക്ക് അവകാശമുണ്ടായിരിക്കുന്നതുമാണ്. പരാതിക്കാരന്റെ തെളിവെടുപ്പിനുശേഷം എതിർകക്ഷിക്ക് തെളിവ് നൽകാവുന്നതാണ്.

(3) മേൽ പ്രസ്താവിച്ച പ്രകാരമുള്ള അന്വേഷണം നടത്തുന്ന സമയത്ത് അന്വേഷണം നടത്തുന്ന ചെയർപേഴ്സണോ അംഗങ്ങൾക്കോ പരാതിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ആവശ്യമുള്ളതല്ല എന്നോ അല്ലെങ്കിൽ ഏതെങ്കിലും നിയമത്തിനോ പൊതുതാത്പര്യത്തിനോ എതിരാണ് എന്നോ തോന്നുന്നപക്ഷം രേഖകൾ ഹാജരാക്കാനായി പരാതിക്കാരൻ നൽകിയ അപേക്ഷ കാരണം കാണിച്ചുകൊണ്ട് നിരസിക്കാവുന്നതാണ്.

16. അന്വേഷണ സമയപരിധി.—അന്വേഷണത്തിന് ഉത്തരവിട്ടശേഷം കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കാനുള്ള സമയപരിധി നീട്ടാത്തപക്ഷം മൂന്ന് ആഴ്ചക്കുള്ളിൽ അന്വേഷണം തീർപ്പാക്കി അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ തന്റെ തീരുമാനങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉൾപ്പെടെ ആധികാരികമായ റിപ്പോർട്ട് കമ്മീഷന് ഉടൻ നൽകേണ്ടതാണ്.

17. റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ.—റിപ്പോർട്ടിന്മേൽ തുടർ നടപടിയെടുക്കാൻ കമ്മീഷന് സെക്രട്ടറിയോട് നിർദ്ദേശിക്കാവുന്നതാണ്.

18. കമ്മീഷനെ സർക്കാർ ചുമതലപ്പെടുത്തുന്ന കാര്യങ്ങളിൽ എടുക്കേണ്ട നടപടികൾ.—കമ്മീഷനെ സർക്കാർ ചുമതലപ്പെടുത്തുന്ന കാര്യങ്ങളിൽ കമ്മീഷൻ ചർച്ച നടത്തുകയും ആവശ്യമായ അന്വേഷണം നടത്തുകയും സർക്കാർ നടപ്പാക്കേണ്ട നിർദ്ദേശങ്ങളും ശുപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് സർക്കാരിന് നൽകേണ്ടതുമാണ്.

19. വിദഗ്ദ്ധരുടെയും പ്രമുഖരുടെയും സേവനം.—കമ്മീഷൻ ചർച്ചകളും അന്വേഷണവും നടത്തുമ്പോൾ, ആവശ്യമെന്ന് തോന്നുന്നപക്ഷം, അതത് മേഖലയിലെ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കാവുന്നതാണ്. കമ്മീഷന്റെ യോഗത്തിൽ വിദഗ്ദ്ധരുടെയും പ്രമുഖ വ്യക്തികളുടെയും അഭിപ്രായങ്ങൾ പരിഗണിക്കാവുന്നതും, എന്നാൽ, യോഗത്തിൽ അവർക്ക് വോട്ട് ചെയ്യാനുള്ള അവകാശം ഉണ്ടാകുന്നതല്ലാത്തതുമാണ്.

92/111/19

20. യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.—(1) കമ്മീഷന്റെ ഓരോ യോഗത്തിന്റെയും നടപടിക്കുറിപ്പുകൾ രേഖപ്പെടുത്തി, ആധികാരികത ഉറപ്പിച്ച്, അവ തൊട്ടടുത്ത യോഗത്തിന് പത്ത് ദിവസത്തിനു മുമ്പ് ചെയർപേഴ്സണും അംഗങ്ങൾക്കും കിട്ടുന്നു എന്നുള്ളത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

(2) സെക്രട്ടറിയുടെ അഭാവത്തിൽ ചെയർപേഴ്സൺ ചുമതല പ്പെടുത്തുന്നയാൾ മേൽപ്രകാരമുള്ള ചുമതല വഹിക്കേണ്ടതാണ്.

21. ശിപാർശകളിന്മേൽ സെക്രട്ടറിയുടെ ചുമതല.—കമ്മീഷന്റെ ശിപാർശകളും നിർദ്ദേശങ്ങളും സർക്കാരോ മറ്റ് ഏതെങ്കിലും അധികാരികളോ നിശ്ചിത സമയപരിധിക്കുള്ളിൽ നടപ്പാക്കിയിട്ടുണ്ടോയെന്ന് സെക്രട്ടറി പരിശോധിക്കേണ്ടതും അനുവദിച്ച സമയപരിധിക്കുള്ളിൽ ബന്ധപ്പെട്ട അധികാരികൾ അവ നടപ്പാക്കി യിട്ടില്ലെങ്കിൽ ആ വിവരം തൊട്ടടുത്ത യോഗത്തിൽ സെക്രട്ടറി കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.

22. രേഖകൾ സാക്ഷ്യപ്പെടുത്തൽ.—ആക്റ്റിലെ 7-ാം വകുപ്പ് (7)-ാം ഉപവകുപ്പിൽ പറയുന്ന കമ്മീഷൻ നിർവ്വഹണം നടത്തുന്ന മറ്റ് പ്രമാണങ്ങൾ സെക്രട്ടറിക്ക് പ്രമാണീകരിക്കാവുന്നതാണ്.

23. സെക്രട്ടറിയുടെ ബാദ്ധ്യത.—ആക്റ്റിലെ 19-ാം വകുപ്പ് പ്രകാരമുള്ള കാര്യങ്ങൾ നടപ്പാക്കേണ്ടത് സെക്രട്ടറിയുടെ ബാദ്ധ്യതയാകുന്നതാണ്.

24. കമ്മീഷന്റെ നിർദ്ദേശങ്ങൾ/ശിപാർശകൾ നടപ്പാക്കുന്നതിലുള്ള വീഴ്ച.—കമ്മീഷന്റെ തീരുമാനങ്ങളും നിർദ്ദേശങ്ങളും/ശിപാർശകളും ലഭിച്ച് ന്യായമായ സമയത്തിനുള്ളിൽ, ഏതായാലും, മൂന്ന് മാസത്തിനുള്ളിൽ അതിന്മേൽ സർക്കാരോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ബന്ധപ്പെട്ട അധികാരികളോ നടപടി എടുക്കേണ്ടതാണ്.

25. അന്വേഷണ സംഘം.—സംസ്ഥാന ആഭ്യന്തര വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന എൻ. ആർ. ഐ. സെൽ, കമ്മീഷന്റെ അന്വേഷണങ്ങൾക്ക് ആവശ്യമായ സഹായം നൽകേണ്ടതാണ്.

26. റെഗുലേഷനിൽ ഭേദഗതി.—കമ്മീഷന് ആവശ്യമെന്നു തോന്നുന്നപക്ഷം, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി ഈ റെഗുലേഷനിൽ ഭേദഗതിയോ തിരുത്തലോ ഒഴിവാക്കലോ കൂട്ടിച്ചേർക്കലോ വരുത്താവുന്നതാണ്.

27. ശിഷ്ട വ്യവസ്ഥ.—ഈ റെഗുലേഷനിൽ ഉൾപ്പെടാത്ത കാര്യങ്ങൾ സംബന്ധിച്ച് കമ്മീഷന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ ഉത്തരവ് പുറപ്പെടുവിക്കാനും നിർദ്ദേശങ്ങൾ നൽകാനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

നിസാർ, എച്ച്.,
സെക്രട്ടറി,
പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ.